**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | **11-08-2017** ൽ മറുപടിയ്ക്ക് |
| ചോദ്യം നമ്പർ : **1554** | |

# വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട സി & എ.ജി. റിപ്പോർട്ട്

| ചോദ്യം | | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.വി. വിജയദാസ് | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) | വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള സി&എ.ജി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; | (എ) | കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. സി. എൻ രാമചന്ദ്രൻ നായർ (റിട്ട. ഹൈക്കോടതി ജഡ്ജി), ചെയർമാനായും ശ്രീ. കെ. മോഹൻദാസ്, ഐ.എ.എസ് (റിട്ട), ശ്രീ. പി.ജെ. മാത്യു ഐ.എ &. എ.എസ് (റിട്ട) എന്നിവർ അംഗങ്ങളുമായുള്ള ഒരു ജുഡീഷ്യൽ അന്വേഷണ കമ്മീഷനെ നിയമിച്ചിരിക്കുകയാണ്. 6 മാസമാണ് ഈ കമ്മീഷന്റെ കാലാവധി. കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. കമ്മീഷന്റെ പ്രവർത്തനം തുറമുഖ നിർമ്മാണ പ്രവർത്തനത്തെ തടസ്സപ്പെടുത്താതെ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എം.ഒ.യു- വിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് സംസ്ഥാനത്തിന് കൂടുതൽ ലാഭം നേടിയെടുക്കുന്നതിന് കഴിയുമോ ; ഇല്ലെങ്കിൽ മറ്റെന്ത് നടപടിയാണ് സ്വികരിക്കുവാൻ കഴിയുക ; വിശദവിവരം നൽകുമോ? | (ബി) | വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി കേരള സർക്കാരും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡും (കൺസഷണയർ) തമ്മിൽ ഉണ്ടാക്കിയിട്ടുള്ളത് ഒരു കൺസഷൻ കരാറാണ്. അല്ലാതെ എം.ഒ.യു വ്യവസ്ഥ പ്രകാരമല്ല വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കുന്നത്. കൺസഷൻ കരാറിലെ വ്യവസ്ഥകൾ ഒരു കൺസഷണയറെ കണ്ടെത്തുന്ന ടെൻഡറിംഗ് ഘട്ടത്തിൽ ബിഡർമാർക്ക് Draft Concession Agreement നൽകിക്കൊണ്ട് സർക്കാർ മുന്നോട്ടുവച്ചവയാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി വിഴിഞ്ഞം തുറമുഖ കരാർ 17.08.2015 ന് സർക്കാർ ഒപ്പുവച്ചിട്ടുള്ളത്. തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ കരാറിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമേ ഈ പ്രോജക്ട് നടപ്പിലാക്കുവാൻ നിർവ്വാഹമുള്ളൂ. |

**സെക്ഷൻ ഓഫീസർ**